സി.പി.(3) 5502/2026 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 29-07-2026

സർക്കുലർ നം. 25/2026

വിഷയം : സഹകരണ വകുപ്പ് – സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ 2025-2026 വർഷത്തെ ആഡിറ്റ് – കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 20/2025 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 30/2025 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 22/2026 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും, എല്ലാത്തരം വായ്പകൾക്കും 2025-2026 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ, കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതുമായി ബന്ധപ്പെട്ട് 20/2025 നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാക്കി കൊണ്ട് സൂചന (3) പ്രകാരം സർക്കുലർ നിർദേശങ്ങൾ നൽകിയിരുന്നു.

നിലവിൽ അംഗങ്ങൾക്ക് 10 വർഷം വരെ തിരിച്ചടവ് കാലാവധിയുള്ള വായ്പകൾ അനുവദിച്ച് വരുന്ന സാഹചര്യത്തിൽ, 6 വർഷത്തിന് മുകളിൽ കാലാവധിയുള്ള വായ്പകൾക്കും ഇളവുകൾ അനുവദിക്കുന്നതിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുള്ളതിനാൽ, സൂചന (2) സർക്കുലർ പ്രകാരം അനുവദിച്ചിട്ടുള്ള ഇളവുകൾ 2025-2026 സാമ്പത്തിക വർഷത്തെ ആഡിറ്റിലും ബാധകമാക്കാവുന്നതാണ്.

സൂചന(3) സർക്കുലർ പ്രകാരവും ഈ സർക്കുലർ പ്രകാരവുമുള്ള ഇളവുകൾക്ക് 01.04.2025 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളവയിലും 22/2026 നമ്പർ സർക്കുലർ

പ്രകാരവും, ഈ സർക്കുലർ പ്രകാരവുമുള്ള ഇളവുകൾ ആവശ്യമുള്ള പക്ഷം ആയതിനുള്ള ഭരണസമിതി തീരുമാനം സഹിതമുള്ള അപേക്ഷ 31.08.2026 തീയതിയ്ക്കകം ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും അപ്രകാരം ആഡിറ്റ് കണക്കുകളിൽ ഭേദഗതി വരുത്തി നൽകേണ്ടതുമാണ്.

ഒപ്പ്

INBASEKAR K

REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
3. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
5. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
6. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്).
7. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.
9. വെബ് സൈറ്റ്.
10. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

Digitally signed by
RESHMA G NAIR
Date: 29-07-2026
15:59:14

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)